LIBRARY ARCHIVES Kerala Legislative Assembly

കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായത്തിനുള്ള അപേക്ഷ

55 (4389) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുവലത്ത് സുബൈദ, ചക്കിട്ടപ്പാറ, പേരാമ്പ്ര എന്നയാളുടെ മകളുടെ കരൾ മാറ്റ ശാസ്ത്രക്രിയയ്ക്ക് ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) 9-4-2015-ലെ 599/15/OM(Ind & IT) പ്രകാരമുള്ള പരാതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ-സി) ചെറുവലത്ത് സുബൈദ, ചക്കിട്ടപ്പാറ, പേരാമ്പ്ര എന്നയാളുടെ മകളുടെ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

56 (4390) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ 2015 ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ എത്ര പരാതികളാണ് തീർപ്പാക്കിയത് ; ഏതെല്ലാം ഇനത്തിൽ എത്ര രൂപ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തതെന്ന് അറിയിക്കാമോ ?

ഉത്തരം

കൊല്ലം ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ 16,368 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായമുൾപ്പെടെ 5,19,65,500 രൂപ (24-6-2015 വരെ) വിതരണം ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം

57 (4391) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായ ഉത്തരവ് ലഭ്യമായിട്ടുള്ള എത്ര പേർക്ക് കാസർഗോഡ് ജില്ലയിൽ തുക നൽകാനുണ്ടെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;